**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 750** **09-08-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്കിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പീക്ക് സമയം ഒഴിവാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിരക്കിൽ ഇളവ് നൽകുവാൻ നിലവിൽ വ്യവസ്ഥ ഉണ്ടോ; എങ്കിൽ ഇപ്രകാരം ഇളവ് നൽകുന്നുണ്ടോ; 2023 ജൂൺ മാസത്തിലെ വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം എത്ര രൂപയുടെ ഇളവ് ഉപഭോക്താക്കൾക്ക് അനുവദിച്ച നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | പീക്ക് സമയം ഒഴിവാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിരക്കിൽ ഇളവ് നൽകുവാൻ വ്യവസ്ഥയുണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം ടൈം ഓഫ് ഡേ താരിഫ് അനുസരിച്ച് ബില്ല് ചെയ്യുവരുന്ന പ്രതിമാസം 500 യൂണിറ്റിന് മുകളിൽ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ, ലോ ടെൻഷൻ വ്യവസായം, (20കിലോവാട്ടോ അതിനു മുകളിലോ) എല്ലാ ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്കും (വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കുടിവെള്ള പദ്ധതികൾ, റെയിൽവേ ട്രാക്ഷൻ ഒഴികെ) രാത്രികാലങ്ങളിൽ (10 PM മുതൽ 6 AM വരെ) എനർജി ചാർജിൽ ഇളവ് നൽകിവരുന്നു. നിലവിൽ ഗാർഹിക ഉപഭോക്താക്കൾക്ക് രാത്രി കാലങ്ങളിൽ എനർജി ചാർജിൽ പകൽ സമയത്തെ എനർജി ചാർജിന്റെ 10% ഇളവും ഗാർഹികേതര ഉപഭോക്താക്കൾക്ക് 25% ഇളവും അനുവദിച്ചിട്ടുണ്ട്.<br><br>ഓഫ് പീക്ക് സമയത്തിൽ വൈദ്യുതിക്ക് കുറഞ്ഞ നിരക്ക് ഈടാക്കുന്നതു മൂലം, 2023 ജൂൺ മാസത്തിലെ ഉപഭോഗത്തിന് 22.66 കോടി രൂപ ഉപഭോക്താക്കൾക്ക് ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ പ്രകാരം അർഹതപ്പെട്ട ഇളവ് ഉപഭോക്താക്കൾക്ക് നൽകുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ടൈം സോൺ റീഡിങ് സാധ്യമാകുന്ന സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിലൂടെ അർഹമായ ഇളവ് ഉണഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ സാധിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (ബി) | ടൈം സോൺ റീഡിങ് സാധ്യമാകുന്ന ടി.ഒ.ഡി. (ToD) മീറ്ററുകൾ വഴി റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഉപഭോക്താക്കൾക്കും ഇളവുകൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ